**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2012 ജൂലൈ 9, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തരപ്രമേയം

### നെൽവയൽ- തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക്

മി. സ്പീക്കർ: നെൽപ്പാടങ്ങളുടേയും തണ്ണീർത്തടങ്ങളുടേയും പൂർണ്ണ വിവരങ്ങൾ അടങ്ങുന്ന ഡാറ്റാ ബാങ്ക് വിജ്ഞാപനം ചെയ്യാൻ തയ്യാറാകാതെ റവന്യൂ വകുപ്പ് നിലംനികത്തലിന് കൂട്ടുനിൽക്കുന്നതിനാൽ ഉളവായിട്ടു ള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി.എസ്. സുനിൽകുമാർ, വി.ചെന്താമരാക്ഷൻ, മാത്യു ടി തോമസ്, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 2008–ലെ നെൽവയൽ–തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയിട്ടുള്ള ഡാറ്റാ ബാങ്ക് റദ്ദാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്താൻ ഭൂമാഫിയകൾക്ക് കൂട്ടുനിൽക്കുന്നു എന്ന പ്രതിപക്ഷത്തിന്റെ ആരോപണം അടിസ്ഥാനരഹിതമാണ്. ജോയിന്റ് വെരിഫിക്കേഷൻ നടത്തി നിലവിലുള്ള ഡാറ്റാബാങ്കിലെ അപാകതകൾ പരിഹരിച്ച് മൂന്നുമാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ നിയമം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാനാണ് ആഗ്രഹിക്കുന്നത്.

ശ്രീ. വി.എസ്. സുനിൽ കുമാർ: നെൽവയൽ–തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിനെ സംബന്ധിച്ച പരാതികൾ പരിഹരിച്ച് കുറ്റമറ്റ രിതിയിൽ പ്രസിദ്ധീകരിക്കുന്നതിനുപകരം പുതിയ ഡാറ്റാ ബാങ്ക് തയ്യാറാക്കാനുള്ള സർക്കാരിന്റെ നടപടികൾ ഭൂമാഫിയകളെ സഹായിക്കുന്നതാണ്. സംസ്ഥാനത്തെ നെൽവയലുകളുടെ വിസ്ത്രീർണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പല പ്രദേശങ്ങളിലും ഭൂമാഫിയകൾ വ്യാപകമായി നെൽവയൽ നികത്തിക്കൊണ്ടിരിക്കുകയാണ്. ഈ ഭൂമാഫിയകളെ സഹായിക്കുന്ന നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിക്കൊണ്ടിരിക്കുന്നത്. ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ ഏത് ഹെഡ്ഡിൽ നിന്നാണ് പണം ചെലവഴിക്കേണ്ടതെന്ന് ഉത്തരവിറക്കാത്തതുമുലം വിജ്ഞാപനമിറക്കാൻ സാധിക്കാത്ത പ്രശ്നം നിലനിൽക്കുകയാണ്. സുപ്രധാനമായ ഈ നിയമത്തെ തകർക്കാനുള്ള ശ്രമം നടക്കുന്നതിനാൽ ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം അട്ടിമറിക്കാൻ ഈ സർക്കാർ കൂട്ടുനിൽക്കുകയില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽ വയൽ നികത്തുന്നതിന് അനുമതി നൽകിയിട്ടില്ല. ഡാറ്റാ ബാങ്ക് തയ്യാറാക്കിയതിൽ ചില അപാകതകൾ ഉണ്ടെന്ന് ഉപഗ്രഹ സാറ്റലൈറ്റുവഴി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി മൂന്ന് മാസത്തിനകം റിപ്പോർട്ട് നൽകാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഭൂമാഫിയയെ ഒരുവിധത്തിലും സഹായിക്കുന്ന പ്രശ്നമില്ല. കുറ്റമറ്റ രീതിയിൽ ഡാറ്റാ ബാങ്ക് നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പാസ്സായി ഒരു വർഷത്തിനുള്ളിൽ ഡാറ്റാ ബാങ്ക് നോട്ടിഫിക്കേഷൻ വരണമെന്ന വ്യവസ്ഥ പാലിക്കാൻ അന്നത്തെ സർക്കാരിന് കഴിഞ്ഞില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുസംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ്. ഈ ഗവണ്മെന്റ് ഭൂമാഫിയകൾക്ക് കൂട്ടുനിൽക്കുകയില്ല. അപാകതകൾ പരിഹരിച്ച് മൂന്ന് മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്ന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലം നികത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം ഈ സർക്കാർ അട്ടിമറിക്കാൻ ശ്രമിക്കുന്നു എന്ന ആശങ്ക അടിസ്ഥാന

രഹിതമാണ്. നിയമത്തിന്റെ അന്തസ്സത്തയ്ക്ക് ദോഷകരമായ ഒരു നടപടിക്കും ഗവണ്മെന്റ് തയ്യാറാകില്ല. ഇക്കാര്യത്തിൽ ഗവണ്മെന്റിന് വ്യക്തമായ നയമുണ്ട്. വീട് വയ്ക്കാൻ സ്ഥലമില്ലാത്ത പാവപ്പെട്ടവർക്കും പൊതു ആവശ്യത്തിനും കൃഷിചെയ്യാനും മാത്രമായി നിയമപ്രകാരം നെൽവയൽ നികത്താൻ അനുമതി നൽകിക്കൊണ്ട് കുറ്റമറ്റ രീതിയിൽ നിയമം കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന് പ്രതിപക്ഷ ത്തിന്റെകൂടി സഹകരണം അഭ്യർത്ഥിക്കുകയാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> വീടുവയ്ക്കാൻ സ്ഥലമില്ലാത്ത പാവപ്പെട്ടവരെക്കൊണ്ട് നിലം നികത്താൻ അനുവാദം വാങ്ങി ഭൂമി കൈവശപ്പെടുത്താനുള്ള ഭൂമാഫിയകളുടെ ശ്രമം തടയാൻ കഴിയണം. നെൽവയലുകൾ പരിരക്ഷിച്ചുകൊണ്ട് ഭൂമാഫിയകളെ നിലയ്ക്ക് നിറുത്താനുതകുംവിധം നടപടി സ്വീകരിക്കാൻ തയ്യാറാണെന്ന മുഖ്യമന്ത്രിയുടെ മറുപടി മുഖവിലയ്ക്കെടുക്കുന്നു. ഇത് സംബന്ധിച്ച് കർഷക പ്രതിനിധികളെയും ബന്ധപ്പെട്ടവരെയും വിളിച്ച് ചർച്ച ചെയ്യാൻ നടപടി സ്വീകരിക്കുമെന്ന് കരുതുന്നു.

## <u>ശ്രദ്ധക്ഷണിക്കൽ</u>

### (1) <u>കള്ള് ചെത്ത് തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം</u>

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സംസ്ഥാനത്തെ കള്ളുചെത്ത് തൊഴിലാളികൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഇന്ന് സെക്രട്ടേറിയറ്റ് ധർണയും നിയമസഭാ മാർച്ചും നടത്തുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കള്ളുഷാപ്പുകൾക്ക് ലൈസൻസ്

കൊടുക്കാനുള്ള അധികാരം പുനഃസ്ഥാപിക്കാനുള്ള നടപടി അഴിമതിക്കും ഈ വ്യവസായത്തിന്റെ തകർച്ചയ്ക്കും വഴിതെളിക്കുകയും വിദേശമദ്യവും വ്യാജച്ചാരായവും യഥേഷ്ടം ലഭ്യമാകാൻ സഹായിക്കുകയും ചെയ്യുന്നതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഈ നയം നടപ്പാക്കാനുള്ള യാതൊരു സംവിധാനവുമില്ല. മദ്യ ഉപഭോഗത്തിൽ കേരളം ഒന്നാം സ്ഥാനത്താണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പുതിയ മദ്യനയം കള്ളുചെത്ത് വ്യവസായത്തെ തകർക്കുന്നതും വ്യാജമദ്യ വിൽപ്പനയും ലഹരി കൂടിയ മദ്യത്തിന്റെ ഉപയോഗവും വർദ്ധിപ്പിക്കുന്നതുമാണ്. ഈ നിലപാടിൽനിന്ന് ഗവൺമെന്റ് പിൻമാറണം. വിവിധ തൊഴിലാളി സംഘടനകളും മറ്റ് ബന്ധപ്പെട്ടവരുമായി ഈ വിഷയം ചർച്ച ചെയ്ത് പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ചെത്തുതൊഴിലാളികളെ ഈ രംഗത്ത് പിടിച്ചുനിർത്തുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കാൻ കഴിയണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : കള്ളുചെത്ത് വ്യവസായത്തെയും ഇതുമായി ബന്ധപ്പെട്ട തൊഴിലാളികളേയും സംരക്ഷിക്കുകയും വിദേശമദ്യത്തിന്റെ ഉപയോഗം നിയന്ത്രിക്കുകയും ചെയ്യുക എന്നതാണ് മദ്യനയത്തിന്റെ കാതലായ വശം. നിലവിലുള്ള ഷാപ്പുകളെ ബാധിക്കാത്ത വിധത്തിലാണ് കേരള പഞ്ചായത്ത് രാജ് ആക്റ്റിലെയും മുനിസിപ്പാലിറ്റീസ് ആക്റ്റിലെയും റദ്ദാക്കപ്പെട്ട വകുപ്പു കൾ പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. പുതുതായി ആരംഭിക്കുന്ന മദ്യശാല കൾക്ക് പഞ്ചായത്തുകളുടെ ലൈസൻസ് വേണം. ശുദ്ധമായ കള്ള് മാത്രമേ ഷാപ്പുകൾവഴി വിൽപ്പന നടത്തുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുകയും വീര്യം കൂടിയ ഇന്ത്യൻ നിർമ്മിത വിദേശമദ്യ വ്യാപനം തടയാൻ നിയന്ത്രണങ്ങൾ

കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. മാർച്ച് 31 കഴിഞ്ഞാൽ ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് നൽകുന്നതല്ല. ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 15 ലിറ്ററായി പരിമിതപ്പെടുത്തുകയും ബാർ ഹോട്ടലുകളുടെ പ്രവൃത്തി സമയം മൂന്ന് മണിക്കൂർ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ബാറുകൾ തമ്മിൽ ദൂരപരിധി ഏർപ്പെടുത്തിയിട്ടുണ്ട്. വിദേശമദ്യത്തിന്റെ ലഭ്യത കുറയ്ക്കണമെന്ന കള്ളുചെത്ത് വ്യവസായ മേഖലയിലെ തൊഴിലാളി സംഘടനകളുടെ ആവശ്യം പൂർണ്ണമായും ഉൾക്കൊണ്ടിട്ടുണ്ട്. നിലവിലുള്ള ലൈസൻസികൾക്ക് മുൻഗണന നൽകി 5 മുതൽ 7 വരെ ഷാപ്പുകൾ അടങ്ങിയ ഗ്രൂപ്പുകളായി തിരിച്ച് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് നൽകാനുള്ള അധികാരം പഞ്ചായത്തുകൾക്ക് പുനഃസ്ഥാപിക്കുന്ന വിഷയം സംബന്ധിച്ച് തൊഴിലാളി സംഘടനകളുമായി അടിയന്തരമായി ചർച്ച ചെയ്യുന്നതാണ്. പാലക്കാട് ജില്ലയിൽനിന്നും മറ്റ് സ്ഥലങ്ങളിലേയ്ക്ക് കള്ള് എത്തിച്ച് ലഭ്യതക്കുറവ് പരിഹരിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സംസ്ഥാനത്ത് മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവരികയെന്ന ഉദ്ദേശത്തോടെയാണ് ബിവറേജസ് കോർപ്പറേഷന്റെ പുതിയ ഔട്ട്ലെറ്റുകൾ ആരംഭിക്കേണ്ടതില്ലെന്ന തീരുമാനം എടുത്തിട്ടുള്ളത്. കള്ളുചെത്ത് തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : വിവിധ സംഘടനകൾ സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ പരിശോധിച്ച് കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

## (2) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് പെൻഷൻ

ശ്രീ. എം. എ. വാഹീദ് : സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ത്രിതല പഞ്ചായത്തുകൾവഴി പെൻഷൻ നൽകുന്ന പദ്ധതിക്ക് രൂപം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണം. അഞ്ച് വർഷം സേവനമനുഷ്ഠിച്ചിട്ടുള്ള അംഗങ്ങൾക്ക് ആശ്വാസ പദ്ധതി എന്ന നിലയിൽ 500 രൂപ മുതൽ പരമാവധി 1000 രൂപ വരെ പെൻഷൻ ലഭിക്കത്തക്ക പദ്ധതി ആരംഭിക്കണം. പഞ്ചായത്തുകളുടെ ധനാഭ്യർത്ഥന ചർച്ചാവേളയിൽ പെൻഷൻ പദ്ധതി സംബന്ധിച്ച പ്രഖ്യാപനം നടത്താൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പെൻഷൻ ഏർപ്പെടുത്തുന്നതിന്റേയും നിലവിലുള്ള അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റേയും ബാധ്യത വഹിക്കേണ്ടി വരുന്നത് എന്നതിനാൽ അവയുടെ സാമ്പത്തിക സ്ഥിതിയാണ് തടസ്സമായി നിൽക്കുന്നത്. സംസ്ഥാനത്തെ മൂന്നിലൊന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ശമ്പളം കൊടുക്കാൻപോലും കഴിയാത്ത സാഹചര്യത്തിൽ ഗവൺമെന്റ് ഇക്കാര്യം ഗൗരവമായി ആലോചിച്ച് ഒരു ഫോർമുല കൊണ്ടുവരാൻ സാധിക്കുമോയെന്ന് പരീക്ഷിച്ചുനോക്കാൻ തയ്യാറാണ്. നിലവിലുള്ള അംഗങ്ങളുടെ അലവൻസ് വർദ്ധിപ്പിക്കുന്നതിലും പെൻഷൻ നൽകുന്നതിലും ഏകപക്ഷീയമായ നിലപാട് എടുക്കാൻ സാധിക്കുകയില്ല.

## സബ്മിഷൻ

### (1) ദുരന്ത പ്രതികരണ സേന

ശ്രീമതി ഇ. എസ്. ബിജിമോൾ : മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട നടപടിയുണ്ടാകണം. ദുരന്തനിവാരണ നടപടികൾ സ്വീകരിക്കാനും മുല്ലപ്പെരിയാർ സമരസമിതി ഉന്നയിക്കുന്ന വിവിധ ആവശ്യങ്ങൾക്ക് അടിയന്തര പരിഹാരമുണ്ടാക്കാനും ഗവൺമെന്റിന്റെ ഇടപെടൽ ഉണ്ടാകണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : പോലീസ് സേനാംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മുഴുവൻസമയ സംസ്ഥാന ദുരന്ത പ്രതികരണ സേന രൂപീകരിക്കുന്നതിനാവശ്യമുള്ള സേനാംഗങ്ങളെ വിട്ടുതരുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് ആഭ്യന്തര വകുപ്പ് അറിയിച്ച തിനാൽ ഒരു ജില്ലയിൽ 20 പേരെയും കോർപ്പേറഷൻ പരിധിയിൽ 20 പേരെയും അധികമായി ഉൾപ്പെടുത്തി പോലീസ് സേനയ്ക്കകത്തുതന്നെ ദുരന്ത പ്രതികരണ സേന സൃഷ്ടിച്ച് പ്രകൃതി ദുരന്ത പ്രവർത്തനങ്ങൾക്ക് നിയോഗിക്കാവുന്ന രീതിയിൽ പ്രവർത്തനം നടത്താനാണ് ആലോചിക്കുന്നത്. ഇടുക്കി ജില്ലയുടെ പ്രത്യേക ഭൗമപരിസ്ഥിതിയുടെ അടിസ്ഥാനത്തിൽ ഒരു ബദൽ മുന്നറിയിപ്പ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരികയാണ്. പ്രവർത്തനരഹിതമായ വഴിവിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്. മുല്ലപ്പെരിയാർ ഡാം മേഖലയിൽ സ്വീകരിക്കേണ്ട നടപടികളും ഇപ്പോഴത്തെ സ്ഥിതിഗതികളും 11-07-2012-ന് ചേരുന്ന ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ യോഗത്തിൽ വിശദമായി പരിശോധിക്കുന്നതാണ്.

(2) ഐ.പി.ആർ. അക്കാദമി

ശ്രീ. വി.ഡി. സതീശൻ: സംസ്ഥാനത്ത് ഐ.പി.ആർ. അക്കാദമി സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സംസ്ഥാനത്ത് ഉടനെ തന്നെ ഐ.പി.ആർ. അക്കാദമി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. ബൗദ്ധികസ്വത്ത വകാശത്തിന്റെ പേറ്റന്റുമായി ബന്ധപ്പെട്ട കേന്ദ്ര നിയമങ്ങളിൽപ്പെടാത്ത പാരമ്പര്യ വിജ്ഞാന മേഖലകൾ സംരക്ഷിക്കാൻ ഒരു പ്രത്യേക അതോറിറ്റിയുടെ രൂപീകരണവും പരിഗണനയിലാണ്.

(3) റെയിൽവേ സ്റ്റേഷനിൽ ഉണ്ടായ അപകടം

ശ്രീ. വർക്കല കഹാർ : ആർ.പി.എഫ് കോൺസ്റ്റബിളിന്റെ നിരുത്തര വാദപരമായ പ്രവൃത്തിമൂലം തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽവച്ച് വർക്കല സ്വദേശിക്ക് വെടിയേറ്റ സംഭവം കേന്ദ്ര റെയിൽവേ മന്ത്രിയുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽ കൊണ്ടുവരു ന്നതിനും കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ പേരിൽ കർശന നടപടി കൈകൊ ള്ളുന്നതിനും ചികിത്സയുടെ മുഴുവൻ ചെലവും സംസ്ഥാന സർക്കാർ ഏറ്റെ ടുക്കുന്നതിനും കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നതിനും നടപടികൾ സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സംഭവം അറിഞ്ഞ ഉടൻ തന്നെ മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട് ചികിത്സ യ്ക്കുള്ള മുഴുവൻ ചെലവും സർക്കാർ വഹിക്കാനും താൽക്കാലികമായ ചെലവുകൾക്കുവേണ്ടി 25,000 രൂപ ഉടനെ നൽകാനും തീരുമാനിച്ചിട്ടുണ്ട്.

ആർ.പി.എഫ്.കാരുടെ നിരുത്തരവാദപരമായ പ്രവർത്തനം സംബന്ധിച്ച് പോലീസ് കേസ്സെടുത്ത് അന്വേഷണം നടത്തുകയാണ്. കുടുംബത്തെ സഹായിക്കാനുള്ള എല്ലാ നടപടിയും കൈക്കൊള്ളുകയും റെയിൽവേയ്ക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതുമാണ്.

(4) <u>കൊച്ചുവേളി–ബാംഗ്ലൂർ സെക്ടറിലെ തീവണ്ടികൾ</u>

<u>ശ്രീ. കെ.എൻ.എ. ഖാദർ:</u> കൊച്ചുവേളി–ബാംഗ്ലൂർ സെക്ടറിലും കണ്ണൂർ–ബാംഗ്ലൂർ സെക്ടറിലും ദിവസേന തീവണ്ടികൾ ഓടിക്കാനും പ്രസ്തുത വണ്ടികൾ അതിരാവിലെ ഡെസ്റ്റിനേഷനിൽ എത്തിപ്പെടുന്ന രീതിയിൽ സമയം ക്രമപ്പെടുത്താനും നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി <u>(ശ്രീ. ആര്യാടൻ മുഹമ്മദ്):</u> കൊച്ചുവേളി–ബാംഗ്ലൂർ സെക്ടറിലേയ്ക്ക് ആഴ്ചയിൽ മൂന്ന് ദിവസം ഓടിക്കൊണ്ടിരുന്ന തീവണ്ടികൾ ജൂലായ് മാസം 1–ാം തീയതി മുതൽ ദിവസേനയാക്കാൻ തീരുമാനിച്ചെങ്കിലും സമയവുമായി ബന്ധപ്പെട്ട പരാതികൾ വന്ന സാഹചര്യത്തിൽ ഇപ്പോൾ അത് റെയിൽവേ മന്ത്രാലയ ത്തിന്റെ പരിഗണനയിലാണ്. കണ്ണൂർ–ബാംഗ്ലൂർ സെക്ടറിലെ തീവണ്ടിയുടേയും സമയം സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ റെയിൽവേ മന്ത്രാലയത്തോട് വീണ്ടും ആവശ്യ പ്പെടുന്നതാണ്.

(5) <u>വിദ്യാഭ്യാസ ജില്ലയ്ക്ക് പ്രത്യേക പുരസ്ക്കാരം</u>

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സംസ്ഥാനത്ത് എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി പരീക്ഷകളിൽ ഒന്നാം സ്ഥാനത്ത് എത്തുന്ന വിദ്യാഭ്യാസ

ജില്ലയ്ക്ക് പ്രത്യേക പുരസ്ക്കാരം നൽകുന്ന പദ്ധതി നടപ്പാക്കുകയും തുടർന്ന് എല്ലാ വർഷവും പ്രസ്തുത പദ്ധതി നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്യണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ അബ്ദു റബ്ബ്): അദ്ധ്യാപകരുടേയും വിദ്യാഭ്യാസ ഓഫീസർമാരുടേയും കാര്യക്ഷമത, പരീക്ഷാ നടത്തിപ്പിലെ കൃത്യത, അർപ്പണബോധം എന്നിവ ഒരു ജില്ലയിലെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് കുട്ടികളുടെ കഴിവിനോടൊപ്പം തന്നെയുള്ള സ്വാധീന ഘടകങ്ങളായതിനാൽ എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകളിൽ ഏറ്റവും കൂടുതൽ വിജയശതമാനം നേടുന്ന വിദ്യാഭ്യാസ ജില്ലയ്ക്ക് പ്രത്യേക പുരസ്ക്കാരം നൽകുന്നത് എത്രമാത്രം പ്രോത്സാഹജനകമാകുമെന്നും അതിലൂടെ മറ്റ് ജില്ലകളിൽ വിജയശതമാനം ഉയർത്തുവാൻ കഴിയുമോയെന്നുമുള്ള കാര്യങ്ങൾ വിശദമായ പരിശോധനയ്ക്കും പഠനങ്ങൾക്കും വിധേയമാക്കിയതിനുശേഷം മാത്രമേ നടപ്പിൽ വരുത്താനാകൂ.

**(6) ഇന്റർപോൾ കസ്റ്റഡിയിൽ എടുത്ത പ്രതി**

ശ്രീ. കെ. എം. ഷാജി : അഴീക്കോട് മണ്ഡലത്തിലെ കാട്ടാമ്പള്ളിയിൽ രവീന്ദ്രന്റെ മകൾ രമ്യയെ കൊലപ്പെടുത്തിയതിനുശേഷം വിദേശത്തേയ്ക്ക് പോകുകയും ഇന്റർപോൾ കസ്റ്റഡിയിലെടുക്കുകയും ചെയ്ത ഷമ്മി കുമാറിനെ നാട്ടിൽ എത്തിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : വിദേശത്തേയ്ക്ക് കടന്ന കൊലക്കേസ് പ്രതിക്കുവേണ്ടി എക്സ്ട്രഡിഷനുള്ള നടപടി സ്വീകരിക്കുകയും റെഡ് കോർണർ നോട്ടീസ്

ഇറക്കുകയും പയ്യന്നൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ വാറന്റ് പുറപ്പെടുവിക്കുകയും ചെയ്തതിനെതുടർന്ന് ഷമ്മികുമാറിനെ അബുദാബിയിൽ വച്ച് 31–05–2012–ന് ഇന്റർപോൾ അറസ്റ്റ് ചെയ്തു. പ്രതിയെ വിട്ടുകിട്ടുന്നതിനുള്ള രേഖകൾ ഹാജരാക്കുന്നതിനും പ്രതിയുടെ പേരിൽ ഓപ്പൺ വാറന്റ് അനുവദിക്കുന്നതിനും കാലതാമസം ഉണ്ടായതിനാൽ 15 ദിവസത്തെ സാവകാശം ആവശ്യപ്പെട്ടിരുന്നു. ഇപ്പോൾ പ്രതിയെ നാട്ടിലെത്തി ക്കുന്നതിനാവശ്യമായ രേഖകൾ തയ്യാറാക്കി കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന് അയച്ചുകൊടുത്തിട്ടുണ്ട്.

(7) പ്രീമെട്രിക് സ്കോളർഷിപ്

ശ്രീ. പി. കെ. ബഷീർ : ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട 6, 7, 8, 9 ക്ലാസുകളിലെ കുട്ടികൾക്ക് നൽകിവരുന്ന പ്രീമെട്രിക് സ്കോളർഷിപ് അരീക്കോട് ബ്ലോക്കിന്റെ പരിധിയിൽ വരുന്ന സ്കൂളുകളിലെ വിദ്യാർത്ഥി കൾക്കുകൂടി നൽകുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): 2011–12 സാമ്പത്തിക വർഷത്തിൽ കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് 2011–ൽ രൂപീകരിച്ച പിന്നോക്ക സമുദായ വികസന വകുപ്പാണ് വിദ്യാഭ്യാസ വകുപ്പിന്റേയും പട്ടികജാതി വികസന വകുപ്പിന്റേയും സഹായത്തോടെ വിതരണം ചെയ്തത്. വകുപ്പ് ആദ്യമായി നടപ്പിലാക്കിയ പദ്ധതിയായതിനാലും വിദ്യാർത്ഥികളുടെ എണ്ണത്തെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമാകാതിരുന്ന തിനാലുമാണ് അരീക്കോട് ബ്ലോക്കിലെ ചില സ്കൂളുകളിലെ വിദ്യാർത്ഥി

കൾക്ക് സ്കോളർഷിപ് ലഭ്യമാകാത്തത്. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

### (8) ഫിഷ്ലാന്റിംഗ് സെന്ററുകൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : തൃശൂർ ജില്ലയിലെ ചേറ്റുവ ഫിഷിംഗ് ഹാർബർ, മുനക്കകടവ് ഫിഷ്ലാന്റിംഗ് സെന്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ചേറ്റുവ ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് പുലിമുട്ടുകൾ, അപ്രോച്ച് റോഡ്, വാർഫ്, ലേലപ്പുര എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം തന്നെ ചേറ്റുവ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്. മുനക്കകടവ് ഫിഷ്ലാന്റിംഗ് സെന്ററിന്റെ വിപുലീകരണത്തിനായി സമർപ്പിച്ചിട്ടുള്ള പ്രോജക്ട് റിപ്പോർട്ടിന്മേൽ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് ഉടൻ മറുപടി സമർപ്പിക്കുന്നതാണ്.

### (9) കാർട്ടൂൺ മ്യൂസിയം

ശ്രീ. വി.റ്റി. ബൽറാം : കാർട്ടൂൺ രംഗത്ത് കഴിവുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനും കാർട്ടൂണുകൾ പ്രദർശിപ്പിക്കുന്നതിനുമായി സർക്കാർ തലത്തിൽ ഒരു നാഷണൽ കാർട്ടൂൺ മ്യൂസിയം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): കാർട്ടൂൺ രചന പ്രോത്സാഹിപ്പിക്കുന്നതിനായി കേരള ലളിതകലാ അക്കാഡമി കാർട്ടൂൺ മത്സരം സംഘടിപ്പി

ക്കുന്നുണ്ട്. കൊടുമ്പ് കേന്ദ്രമായി ഒ.വി. വിജയൻ സ്മാരക സമിതി ഒ.വി. വിജയന്റെ കാർട്ടൂണുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കാർട്ടൂൺ മ്യൂസിയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിൽ നിലവിലുള്ള കാർട്ടൂൺ അക്കാഡമി കാർട്ടൂണിസ്റ്റുകളുടെ സംഘടന മാത്രമായതിനാൽ അത് സ്വതന്ത്രമായോ ലളിതകലാ അക്കാഡമിയുടെ കീഴിലോ ഉള്ള ഒരു അക്കാഡമിയാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ലോകപ്രശസ്തരായ കാർട്ടൂണിസ്റ്റുകളുടെ കാർട്ടൂൺ പ്രദർശിപ്പിക്കുന്ന ഒരു മ്യൂസിയം തലസ്ഥാനത്ത് സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

### (10) ഒറ്റപ്പാലം താലൂക്ക്

ശ്രീ. എം. ഹംസ: ഒറ്റപ്പാലം, മണ്ണാർക്കാട് താലൂക്കുകളെ വള്ളുവനാട് അതോറിറ്റിയിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : പെരിന്തൽമണ്ണ ആസ്ഥാനമാക്കിയും വള്ളുവനാട് മുനിസിപ്പാലിറ്റി മാതൃനഗരമായും സമീപ ഏഴ് പഞ്ചായത്തുകൾ ഉൾക്കൊള്ളിച്ചുകൊണ്ടും വള്ളുവനാട് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ ബൃഹത് സംരംഭങ്ങളുടെ വരവോടെ നിരവധിപേർ പെരിന്തൽമണ്ണയിലേയ്ക്ക് കുടിയേറിപ്പാർക്കാനും സന്ദർശിക്കാനും സാധ്യതയുള്ളതിനാലാണ് വള്ളുവനാട് വികസന അതോറിറ്റി രൂപീകരിക്കാൻ തീരുമാനിച്ചത്. പ്രസ്തുത വികസന അതോറിറ്റിയിൽ പെരിന്തൽമണ്ണ താലൂക്കിനു പുറമെ പഴയ വള്ളുവനാട് താലൂക്കിൽപ്പെട്ട ചില പ്രദേശങ്ങൾകൂടി ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(11) കൊയിലാണ്ടിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി

ശ്രീ. കെ. ദാസൻ: സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിച്ച് ആധുനിക പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തി കൊയിലാണ്ടി ഗവൺമെന്റ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ഇപ്പോൾത്തന്നെ മേജർ സ്പെഷ്യാലിറ്റികളുണ്ട്. സ്പെഷ്യലിസ്റ്റ് സർജന്റെ ഒഴിവ് പി.എസ്.സി.-യിൽ നിന്നും ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് നികത്തുന്നതാണ്. ഈ ആശുപത്രിയിൽ ഘട്ടംഘട്ടമായി മൈനർ സ്പെഷ്യാലിറ്റി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. ട്രോമാ കെയർ യൂണിറ്റ് ഈ വർഷം തന്നെ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(12) വിയ്യൂർ സബ് ജയിൽ ജില്ലാ ജയിലായി ഉയർത്തൽ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: വിയ്യൂർ സബ് ജയിൽ ജില്ലാ ജയിലായി ഉയർത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സാമ്പത്തിക ലഭ്യതയനുസരിച്ച് വിയ്യൂർ സബ്ജയിൽ ജില്ലാജയിലായി ഉയർത്തുന്നതാണ്. പൊതുവായി അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. തടവുകാരിൽ മാനസിക പരിവർത്തനം ഉണ്ടാക്കുന്നതിന് പര്യാപ്തമായ വിധത്തിൽ ജയിലുകളുടെ അന്തരീക്ഷം നന്നാക്കാൻ കഴിയണം. ജയിലുകൾ വൃത്തിയായി

സൂക്ഷിക്കുന്നതിനും ജയിൽ പരിഷ്ക്കരണത്തിനും ഗവൺമെന്റ് മുൻഗണന കൊടുക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്ന് മുതൽ മൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

### 2012–2013 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ – XXX ഭക്ഷ്യം (456,40,72,000 രൂപ)

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ - XXXII ക്ഷീരവികസനം
(88,81,99,000 രൂപ)

ധനാഭ്യർത്ഥന നമ്പർ – XXXVI സാമൂഹ്യവികസനം
(265,84,27,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : ഭക്ഷ്യം എന്ന XXX–ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവികസനം എന്ന XXXII–ാം നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യ വികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.)

ശ്രീമതി പി. അയിഷാ പോറ്റി: ധനഭ്യർത്ഥനകളെ എതിർക്കുന്നു. വിലക്കയറ്റം ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാനും ഭക്ഷ്യ സബ്സിഡി എടുത്തുകളയുന്ന കേന്ദ്രസർക്കാരിന്റെ തെറ്റായ നയം തിരുത്തിക്കാനും തയ്യാറാകണം. പെട്രോളിന്റേയും ഡീസലിന്റേയും വളത്തിന്റേയും വിലവർദ്ധനവ് നിയന്ത്രിക്കണം. ഗോഡൗണുകളിൽ ധാന്യങ്ങൾ കെട്ടിക്കിടന്ന് നശിക്കുന്നത് തടയാനും വിപണിയിലിടപെടാനും കഴിയണം. ഹോട്ടലുകളിലെ ഭക്ഷ്യവസ്തുക്കളുടെ ക്വാളിറ്റിയും ക്വാണ്ടിറ്റിയും ഉറപ്പു വരുത്താനും പാലിൽ മായം ചേർക്കുന്നത് ഒഴിവാക്കാനും നടപടി സ്വീകരിക്കണം. തൊഴിലുറപ്പ്, കുടുംബശ്രീ പദ്ധതികൾ സംബന്ധിച്ച പരാതികൾ പരിഹരിക്കണം. തൊഴിലുറപ്പ് പദ്ധതിയിൽ സ്പോട്ട് ഇൻസ്പെക്ഷന് ഓംബുഡ്സ്മാന് ആവശ്യമായ വാഹനവും മറ്റ് സംവിധാ നങ്ങളും അനുവദിക്കണം. സർക്കാർ സിലബസ്സിൽ എസ്.എസ്.എൽ.സി. ജയിച്ച അർഹരായ കുട്ടികൾക്ക് പ്ലസ് വണ്ണിന് പ്രവേശനം നൽകാതെ

സി.ബി.എസ്.ഇ. സ്കൂൾ തലത്തിൽ നടത്തുന്ന പരീക്ഷ പാസ്സായ കുട്ടികൾക്ക് പ്രവേശനം നൽകിയതിനെക്കുറിച്ച് പരിശോധിക്കണം. രാഷ്ട്രീയ കൊലപാതകങ്ങൾ നീതിപൂർവ്വം അന്വേഷിക്കുകയും കുറ്റവാളികൾ ശിക്ഷിക്കപ്പെടുകയും വേണം.

ശ്രീ. സണ്ണി ജോസഫ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 20,65,000 റേഷൻ കാർഡ് ഉടമകൾക്കും സർക്കാർ അംഗീകൃത അഗതി മന്ദിരങ്ങളിലെ അന്തേവാസികൾക്കും ഉൾപ്പെടെ കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ 25 കിലോഗ്രാം അരി വിതരണം ചെയ്യുകയും അതിനായി 23 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ദുർബല ജനവിഭാഗങ്ങളെയും ബി.പി.എൽ. കുടുംബങ്ങളെയും സഹായിക്കുന്നതിന് സമഗ്രമായ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി പൊതുമാർക്കറ്റിലിടപെടാൻ സാധിച്ചിട്ടുണ്ട്. ബയോമെട്രിക് കാർഡുകൾ ഉപയോഗപ്പെടുത്തി റേഷൻ കാർഡുകളിലെ തട്ടിപ്പ് തടയുമെന്നും ബി.പി.എൽ. പട്ടിക പുനഃക്രമീകരിക്കുമെന്നുമുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. റേഷൻ സാധനങ്ങൾ കൊണ്ടുവരുന്നതിന് വെഹിക്കിൾ ട്രാക്കിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലാബ്, ക്വാളിറ്റി കൺട്രോൾ ലാബ്, 100 പുതിയ ഭക്ഷ്യ പ്രോസസ്സിംഗ് യൂണിറ്റുകൾ എന്നിവയ്ക്ക് തുക നീക്കിവച്ചുകൊണ്ട് ഈ മേഖലയിൽ ക്രിയാത്മകമായ നടപടികളാണ് സ്വീകരിച്ചി

ട്ടുള്ളത്. സംസ്ഥാനത്ത് പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കാനും ക്ഷീര കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുമുള്ള നടപടികളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കാനും വർഷം മുഴുവൻ കാലിത്തീറ്റ സബ്സിഡി നൽകാനും പുതിയ ക്ഷീര കർഷക സംഘങ്ങൾ രൂപീകരിക്കാനും നിലവിലുള്ളവയ്ക്ക് പ്രവർത്തന സഹായം നൽകാനും പ്രവർത്തനക്ഷമമല്ലാത്തവയെ പുനരുദ്ധരീകരിക്കാനും തീരുമാനിച്ചത് അഭിനന്ദനാർഹമാണ്. പഞ്ചായത്തുകളിൽ പഞ്ചവത്സര പദ്ധതി ഏർപ്പെടുത്തിയതും പദ്ധതി നടത്തിപ്പിൽ പഞ്ചായത്തുകൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകിയതും സ്വാഗതാർഹമാണ്. റോഡ് വർക്കുകൾക്ക് വേണ്ടി വരുന്ന അധിക തുക സംസ്ഥാന സർക്കാർ വഹിക്കുമെന്ന തീരുമാനം ഗ്രാമീണ റോഡുകളുടെ വികസനത്തെയും വകുപ്പിന്റെ പ്രവർത്തനങ്ങളെയും സഹായിക്കുന്നതാണ്.

ശ്രീ. പി. തിലോത്തമൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിലക്കയറ്റം ദുസ്സഹമായിരിക്കുന്നു. പൊതുവിതരണ ശൃംഖലകൾ വഴി ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്യുന്നത് ഒരു ഗവണ്മെന്റിന് ഭൂഷണമല്ല. കഴിഞ്ഞ ഗവണ്മെന്റ് ഗസറ്റഡ് ഓഫീസർമാർ ഒഴികെയുള്ള മുഴുവൻ കുടുംബങ്ങൾക്കും രണ്ട് രൂപയ്ക്ക് അരി വിതരണം ചെയ്തിട്ടുണ്ട്. അരിയുടെയും ഗോതമ്പിന്റെയും മണ്ണെണ്ണയുടെയും വിഹിതം കുറയ്ക്കാനും സബ്സിഡി തുക ബാങ്കുവഴി വിതരണം ചെയ്യാനുമുള്ള തീരുമാനം സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്നതാണ്. ക്ഷീരകർഷകരെ സഹായിക്കാനുള്ള പദ്ധതികളാവിഷ്ക്കരിക്കണം. മായം കലർന്ന പാൽ വിപണനം ചെയ്യുന്നത് തടയാനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. പി അബ്ദുസ്സമദ് സമദാനി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനോപകാരപ്രദമായ നടപടികളുമായി മുന്നോട്ടുപോകുന്ന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുന്നു. ഗ്രാമവികസനം, ക്ഷീരവികസനം എന്നീ വകുപ്പുകളിലൂടെ ജനനന്മയെ ലക്ഷ്യമാക്കുന്ന നടപടികളുമായിട്ടാണ് ഗവണ്മെന്റ് മുന്നോട്ടുപോകുന്നത്. ദാരിദ്ര്യനിർമ്മാർജ്ജനത്തിനായിരിക്കണം ഗവണ്മെന്റ് മുൻതൂക്കം നൽകേണ്ടത്. കൃഷിഭൂമിയുടെ വിസ്തൃതി കുറയുന്നതും കാർഷികവൃത്തിയിൽ ഏർപ്പെടുന്നവരുടെ എണ്ണം കുറയുന്നതും കാണാതിരിക്കരുത്. ഒരു രൂപയ്ക്ക് അരി വിതരണം ചെയ്യുന്നത് അഭിനന്ദനാർഹമാണ്. ഭക്ഷ്യസുരക്ഷാ ഗുണനിലവാര പരിശോധനാ അതോറിറ്റിയുടെ പരിശോധനയിൽ ദക്ഷിണേന്ത്യയിൽ കേരളത്തിലാണ് ഏറ്റവും മോശപ്പെട്ട പാൽ വിതരണം ചെയ്യുന്നതെന്ന കണ്ടെത്തൽ ഗൗരവമായി കാണണം. മായവും മാലിന്യവും കലർന്ന ഭക്ഷണം സമൂഹത്തെ പ്രതിസന്ധിയിലെത്തിച്ചിരിക്കുകയാണ്. ഗ്രാമവികസന കാര്യത്തിൽ സർക്കാർ നടത്തുന്ന സംരംഭങ്ങൾ പ്രശംസനീയമാണ്. സാധാരണക്കാർക്ക് ന്യായവിലയ്ക്ക് നിത്യോപയോഗസാധനങ്ങൾ ലഭ്യമാക്കാൻ വകുപ്പ് നടത്തുന്ന ശ്രമങ്ങൾ ശ്ലാഘനീയമാണ്.

<u>ശ്രീമതി ജമീലാ പ്രകാശം</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മണ്ണെണ്ണയുടെ വില വർദ്ധിപ്പിച്ച നടപടി പ്രതിഷേധാർഹമാണ്. മത്സ്യത്തൊഴിലാളികൾക്ക് ആവശ്യാനുസരണം മണ്ണെണ്ണ ലഭിക്കാൻ സാഹചര്യമുണ്ടാക്കണം. ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കാൻ കേന്ദ്ര സർക്കാരിന് ഇതുവരെ കഴിഞ്ഞിട്ടില്ല. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ റേഷനിംഗ് സാർവ്വത്രികമാക്കാൻ സർക്കാർ നടപടി സ്വീകരിക്കണം.

കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയണം. 1 മുതൽ 8 വരെ ക്ലാസ്സുകളിലുള്ള കുട്ടികൾക്ക് അരി, പയർ മുതലായവ നൽകുന്ന സമ്പ്രദായം പുനഃസ്ഥാപിക്കണം. ബഡ്സ് സ്കൂളുകൾക്ക് അരിയും പയറും നൽകേണ്ടതില്ലെന്ന തീരുമാനം റദ്ദാക്കണം. സിവിൽ സപ്ലൈസ് ഡയറക്ടർക്ക് നൽകിയ നിയമനാധികാരം പുനഃപരിശോധിക്കണം. മായംചേർത്ത പാൽ വിൽക്കുന്നത് തടയാനും പാലിന്റെ ഗുണനിലവാരം പരിശോധിക്കാനും നടപടിയുണ്ടാകണം. ഗ്രാമ വികസന പരിപാടികൾ കാര്യക്ഷമമാക്കാനുതകുന്നവിധം സാമൂഹ്യ വികസന വകുപ്പ് പുനഃസംഘടിപ്പിക്കണം. വിഷാംശമില്ലാത്ത ഭക്ഷണം എല്ലാവർക്കും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ പാവപ്പെട്ടവർക്ക് ഒരു രൂപയ്ക്ക് അരി നൽകുന്ന പദ്ധതി യാഥാർത്ഥ്യമാക്കാനും അപേക്ഷ നൽകുന്ന ദിവസംതന്നെ റേഷൻ കാർഡ് ലഭ്യമാക്കാനും കെട്ടിക്കിടന്ന അപേക്ഷകളിൽ തീർപ്പാക്കാനും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാനും സാധിച്ചത് സ്വാഗതാർഹമാണ്. കരിഞ്ചന്തക്കാരെയും പൂഴ്ത്തിവയ്പ്പുകാരെയും നേരിടാൻ താലൂക്ക്/ജില്ലാ/സംസ്ഥാനതലങ്ങളിൽ പ്രത്യേക സമിതികൾ രൂപീകരിക്കുകയും സപ്ലൈകോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്തു. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താനും വിലനിലവാരം നിയന്ത്രിക്കാനും പുതുതായി 16 മാവേലി സ്റ്റോറുകൾ ആരംഭിക്കാനും കഴിഞ്ഞിട്ടുണ്ട്. റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ താലൂക്കുകൾതോറും പരിശോധനാ ലാബുകൾ സ്ഥാപിക്കാനും അളവും തൂക്കവും ഉറപ്പുവരുത്താൻ ബയോമെട്രിക് സംവിധാനം ഏർപ്പെടുത്താ

നുമുള്ള തീരുമാനം സ്വാഗതാർഹമാണ്. തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകാനും പെൻഷൻ അനുവദിക്കാനും കഴിഞ്ഞതും പ്രാഥമിക ക്ഷീര സംഘങ്ങളെ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചതും പ്രശംസനീയമാണ്. പ്രാഥമിക ക്ഷീര സംഘങ്ങളെ ശാക്തീകരിക്കുന്ന നടപടിയിൽ ഇടുക്കി ജില്ലയിലെ ക്ഷീര സംഘങ്ങളെയും ഉൾപ്പെടുത്തണം. മൃഗാശുപത്രികളിൽ ആവശ്യമായ മൃഗ ഡോക്ടർമാരെ നിയമിക്കുന്നതിനും ക്ഷീരോല്പാദക സംഘങ്ങൾവഴി വിവിധ രോഗങ്ങൾക്കുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യാനും ക്ഷീരോല്പാദക സംഘങ്ങളുടെ കെട്ടിട നിർമ്മാണത്തിനാവശ്യമായ ഫണ്ട് നൽകാനും നടപടിയുണ്ടാകണം.

ശ്രീ. എ.കെ. ശശീന്ദ്രൻ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ യാതൊരു നടപടിയും സ്വീകരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. ജനകീയ പ്രശ്നങ്ങളോട് ശരിയായവിധത്തിൽ പ്രതികരിക്കാനോ സാമൂഹ്യ വികസന വകുപ്പിന്റെ കീഴിൽ ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ നടപ്പാക്കാനോ ജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ റോഡ് നിർമ്മിച്ച് നൽകാനോ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കാർഷികവൃത്തിയിൽ കൂടുതൽപേരെ പിടിച്ചുനിറുത്താനുള്ള ശാസ്ത്രീയമായ നിലപാട് സ്വീകരിക്കണം. സമൂഹത്തിൽ ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങളെ സംരക്ഷിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകണം.

ശ്രീ. ആർ. സെൽവരാജ് : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസനവും കരുതലും എന്ന ലക്ഷ്യത്തോടെ 100 ദിന കർമ്മ

പരിപാടിയിലൂടെ ജനക്ഷേമത്തിന് ഊന്നൽനൽകിക്കൊണ്ട് യു.ഡി.എഫ്. സർക്കാർ മാതൃകാപരമായ ഭരണം കാഴ്ചവച്ചുകൊണ്ടിരിക്കുകയാണ്. ജനസമ്പർക്ക പരിപാടി ഒരു തുടർപരിപാടിയായി മുന്നോട്ടുകൊണ്ടുപോകാനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. കേരള ത്തിനർഹമായ ഭക്ഷ്യവിഹിതം കേന്ദ്ര സർക്കാരിൽനിന്നും നേടിയെടുക്കാനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താനും കഴിഞ്ഞുവെന്നത് പ്രശംസ നീയമാണ്. ന്യായവില ഡിപ്പോകൾ, മാവേലി സ്റ്റോറുകൾ, നീതി സ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തിയതും ഒരു രൂപയ്ക്ക് ഒരു കിലോ അരി വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയതും ഏറെ ആശ്വാസകരമാണ്. പൊതുവിതരണ ശൃംഖലയിലൂടെ നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് നൽകുന്ന പദ്ധതികളാവിഷ്ക്കരിച്ച് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചത് സ്വാഗതാർഹമാണ്. പഴങ്ങളും പച്ചക്കറികളും ഉൽപാദകരിൽനിന്നും ന്യായവിലയ്ക്ക് ശേഖരിച്ച് കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരി ക്കാൻ കഴിഞ്ഞിട്ടുണ്ട്. കാർഷിക മേഖലയിലെ വിഭവ സമാഹരണം വർദ്ധിപ്പി ക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്ക്കിരിച്ചുനടപ്പിലാക്കാനും പച്ചക്കറികൃഷിയിൽ സംസ്ഥാനത്തെ സ്വയംപര്യാപത്തയിലേയ്ക്ക് എത്തിക്കു ന്നതിനായി സൗജന്യ നിരക്കിൽ വിത്തിനങ്ങളും വളവും ആവശ്യമായ സാമ്പത്തിക സഹായവും ലഭ്യമാക്കാനും നടപടികൾ സ്വീകരിച്ചത് പ്രശംസ നീയമാണ്.

<u>ശ്രീ. ബി.ഡി. ദേവസ്സി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കർഷക ആത്മഹത്യ, വിലക്കയറ്റം, വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ, തൊഴിലി ല്ലായ്മ എന്നിവയിൽ നിന്നും ജനശ്രദ്ധ തിരിച്ചുവിടുന്നതിനായി വിവാദങ്ങൾ

ഉയർത്തിക്കൊണ്ടുവരാനുള്ള ശ്രമങ്ങളാണ് ഭരണപക്ഷത്തുനിന്ന് നടത്തിക്കൊണ്ടിരിക്കുന്നത്. കൊലപാതക അന്വേഷണങ്ങളുടെ പേരിൽ രാഷ്ട്രീയമായി പ്രതികാരം ചെയ്യാനും കേസ്സുകൾ കൈകാര്യം ചെയ്യുന്നതിൽ പക്ഷപാതം കാണിക്കാനുമാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയുന്നില്ല. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങളുടെ ഫലമായി പൊതുവിതരണസമ്പ്രദായം ദുർബലമാക്കിയും ബി.പി.എൽ.-കാരുടെ എണ്ണം വെട്ടിച്ചുരുക്കിയും അവധിവ്യാപാരം പ്രോത്സാഹിപ്പിച്ചും പൂഴ്ത്തിവെയ്പ്പുകാരേയും കരിചന്തക്കാരേയും സഹായിച്ചും പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്ക്കരിച്ചും എല്ലാ ഉത്തരവാദിത്തങ്ങളിൽ നിന്നും ഒഴിഞ്ഞുമാറുന്ന ഒരു സ്ഥിതിവിശേഷമാണ് ഇന്ന് നിലനിൽക്കുന്നത്. ആവശ്യമായ സ്റ്റാഫിനെ നിയമിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. മാവേലി സ്റ്റോറുകളിൽ അത്യാവശ്യം സ്റ്റോക്ക് ഉറപ്പാക്കണം. അഴിമതി തടയാനായി മാർക്കറ്റ് ഫെഡിലും ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കണം. സപ്ലൈകോ-ക്ക് ആവശ്യമായ സബ്സിഡി നൽകണം. മൃഗസംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്നവരെ സഹായിക്കാൻ നടപടികൾ സ്വീകരിക്കണം. പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും ജൈവവള പ്രയോഗത്തിലൂടെ ഭൂമിയുടെ ഫലഭൂയിഷ്ഠത മെച്ചപ്പെടുത്തുന്നതിനും സഹായകരമായ നടപടികൾ സ്വീകരിക്കണം. വർദ്ധിച്ചുവരുന്ന കന്നുകാലി രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കണം. കൃഷിക്കാർക്ക് പാലിന് ന്യായ വില ലഭ്യമാക്കണം. ആർ.കെ.വി.വൈ.-യുടെ ആനുകൂല്യം അർഹതപ്പെട്ടവർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ക്ഷീരകർഷക ക്ഷേമനിധിയിൽ

അംഗങ്ങളാകുന്നവർ അഞ്ച് വർഷം പാൽ അളന്നാൽമതി എന്ന ഭേദഗതി നിയമം എല്ലാവർക്കും ബാധകമാക്കണം. തീറ്റപ്പുൽ കൃഷിക്കുള്ള സബ്സിഡി വർദ്ധിപ്പിക്കണം. ക്ഷീര കർഷക സഹകരണസംഘം ജീവനക്കാരുടെ ജോലിസമയത്തിന് മാനദണ്ഡം നിശ്ചയിക്കണം. എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം ബി.പി.എൽ. ഗുണഭോക്താക്കളുടെ കാര്യത്തിൽ തീരുമാന മുണ്ടാകണം. എൻ.ആർ.എൽ.എം. (നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ) എന്നുമുതൽ നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കണം. തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ദിനങ്ങളും കൂലിയും വർദ്ധപ്പിക്കാനും ജോലി സമയം രാവിലെ ഒൻപത് മുതൽ വൈകുന്നേരം നാല് മണിവരെ എന്ന പ്രഖ്യാപനം നടപ്പാക്കാനും അംഗങ്ങൾക്ക് യൂണിഫോം നൽകാനും നടപടിയുണ്ടാകണം.

ശ്രീ. തോമസ് ഉണ്ണിയാടൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബി.പി.എൽ. കുടുംബങ്ങൾക്ക് 1 രൂപയ്ക്ക് അരി നൽകുന്ന പദ്ധതി നടപ്പിലാക്കിയത് അഭിനന്ദനാർഹമാണ്. അപേക്ഷിച്ചാൽ ഉടൻ റേഷൻ കാർഡുകൾ ലഭ്യമാക്കിയതും ബി.പി.എൽ. കുടുബങ്ങൾക്ക് 1 രൂപയ്ക്ക് അരി നൽകുന്ന പദ്ധതി നടപ്പാക്കിയതും അഭിനന്ദനാർഹമാണ്. ഹോട്ടലുകളിൽ നിന്നും ലഭ്യമാകുന്ന ഭക്ഷണത്തിന്റെ ക്വാളിറ്റി വർദ്ധിപ്പിക്കാനും വില നിയന്ത്രിക്കാനും ഹൈക്കോടതി നിലപാടുകളുടെ ചുവടുപിടിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ശക്തമായ നിയമനിർമ്മാണം നടത്തണം. ശുചിത്വമില്ലാത്തതും മായം ചേർന്നതുമായ ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന ഹോട്ടലുടമകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം. അയൽസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറി ഉൾപ്പെടെയുള്ള സാധനങ്ങൾ പരിശോധിക്കുന്നതിന്

ചെക്ക്പോസ്റ്റുകളിൽ മൊബൈൽ യൂണിറ്റുകൾ സ്ഥാപിക്കണം. മായം ചേർന്ന ഭക്ഷ്യ വസ്തുക്കൾ കണ്ടെത്താൻ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് പരിശീലനം കൊടുക്കണം. റേഷൻ കടകൾ വഴിയുള്ള പൊതുവിതരണം ശക്തിപ്പെടുത്തണം. റീട്ടെയിൽ റേഷൻ വ്യാപാരികൾക്ക് മതിയായ കമ്മീഷൻ നൽകുന്നതോടൊപ്പം അവരുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണണം.

ശ്രീ. വി. ചെന്താമരാക്ഷൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പി.എം.ജി.എസ്.വൈ., കേന്ദ്രാവിഷ്കൃത ഫണ്ടുകൾ എന്നിവ ഉപയോഗിച്ച് നിർമ്മിക്കേണ്ട റോഡുകളുടെ പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കരാറുകാർ ഏറ്റെടുക്കാൻ തയ്യാറാകാത്ത റോഡുകളുടെ പ്രവൃത്തികൾ റീ–ടെണ്ടർ ചെയ്യണം. സംസ്ഥാനത്തിന് ആവശ്യമായ പാൽ ഉല്പാദിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധന നിയന്ത്രിക്കാൻ കേന്ദ്ര–സംസ്ഥാന ഗവൺമെന്റുകൾ നടപടികൾ സ്വീകരിക്കുന്നില്ല. ഗോഡൗണുകളിൽ സൂക്ഷിച്ചിരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ന്യായവിലയ്ക്ക് പാവപ്പെട്ട ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിക്കുന്നില്ല. ഭക്ഷ്യസുരക്ഷയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുപകരം ഭക്ഷ്യ സബ്സിഡി വെട്ടിക്കുറയ്ക്കുകയും സ്വകാര്യ എണ്ണക്കമ്പനികളെ സഹായിക്കുന്നതിനുവേണ്ടി വിലനിയന്ത്രണാധികാരം അവർക്ക് നൽകി പെട്രോളിന്റേയും ഡീസലിന്റേയും വില അടിക്കടി വർദ്ധിപ്പിക്കുകയും ചെയ്യുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ബാർ ലൈസൻസ് നൽകുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ പ്രഖ്യാപിത നയമല്ല നടപ്പിലാവുന്നത്. വൈദ്യുത മേഖലയും വിദ്യാഭ്യാസ രംഗവും താറുമാറായിരിക്കുകയാണ്.

ശ്രീ. എം.പി. വിൻസെന്റ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മാവേലി സ്റ്റോറുകളുടേയും റേഷൻ കടകളുടേയും ത്രിവേണി സ്റ്റോറുകളുടേയും പ്രവർത്തനം കാര്യക്ഷമമാക്കിയതുവഴി നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയാൻ സാധിച്ചിട്ടുണ്ട്. റേഷൻ കാർഡ് വിതരണത്തിലെ കാലതാമസം ഒഴിവാക്കിയത് സ്വാഗതാർഹമാണ്. ക്വാളിറ്റി കൺട്രോൾ സെല്ലിന്റെ സഹായത്തോടെ റേഷനിംഗ് ഇൻസ്പെക്ടർമാർക്ക് പരിശീലനം നൽകാനും ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്താനും സാധിച്ചിട്ടുണ്ട്. സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പച്ചക്കറി വിപണികളും നന്മ കൗണ്ടറുകളും ആരംഭിക്കുകയും ജില്ലാ-താലൂക്ക് സമിതികൾ രൂപീകരിച്ച് ഭക്ഷ്യധാന്യങ്ങളുടെ പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയുകയും ചെയ്തത് സ്വാഗതാർഹമാണ്. ഗുണമേന്മയുള്ള ഭക്ഷ്യോൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ ത്രിവേണി ഹോട്ടലുകൾ ആരംഭിച്ചത് ജനങ്ങൾക്ക് ആശ്വാസം നൽകി. ത്രിവേണി ഹോട്ടലുകൾ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കണം. റേഷൻ കടകളിൽ ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തിയത് സ്വാഗതാർഹമാണ്. കാലപ്പഴക്കംചെന്ന പാചക വാതക സിലിണ്ടറുകൾ മാറ്റാനും പാചക വാതക വിതരണത്തിലെ ക്രമക്കേടുകൾ ഒഴിവാക്കാനും യഥാസമയം സിലിണ്ടറുകൾ ലഭ്യമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ എ.പി.എൽ./ബി.പി.എൽ. ഭേദമെന്യേ പാചകവാതകം സബ്സിഡി നിരക്കിൽ കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. ഗുണമേന്മയും അളവിലെ കൃത്യതയും ഉറപ്പുവരുത്താൻ കൂടുതൽ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളും പെട്രോൾ പമ്പുകളും ആരംഭിക്കണം. പാലുൽപ്പാദനം വർദ്ധിപ്പിക്കാനും തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കാനും മിൽക്ക്ഷെഡ്ഡ് പദ്ധതിയിൽപ്പെടുത്തി മുന്തിയ ഇനം പശുക്കളെ

ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാലും പാലുൽപ്പന്നങ്ങളും അതിർത്തികളിൽ വച്ച് പരിശോധിക്കുന്നതിന് ലബോറട്ടറി സൗകര്യങ്ങൾ ഉണ്ടാക്കണം. ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തണം. ഇന്ദിരാ ആവാസ് യോജന പ്രകാരം വീട് വയ്ക്കു ന്നതിന് ലഭിച്ചിരുന്ന ധനസഹായം വർദ്ധിപ്പിക്കാൻ കഴിഞ്ഞത് പ്രശംസനീ യമാണ്. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ ആളുകളെ കൊണ്ടുവരുന്നതിനും വേതനം വർദ്ധിപ്പിക്കുന്നതിനും അടിയന്തര ശ്രദ്ധ ചെലുത്തണം. പി.എം.ജി.എസ്.വൈ. പ്രകാരമുള്ള വർക്കുകൾ പൂർത്തീ കരിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ പ്രശംസനീയമാണ്. കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾക്കനുസരണമായി ബി.പി.എൽ. മാനദണ്ഡങ്ങൾ പുനർനിർണ്ണയിക്കണം.

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഫലപ്രദമായ ഇടപെടലിലൂടെ ഭക്ഷ്യരംഗത്ത് വമ്പിച്ച മാറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ഒരു രൂപയ്ക്കും രണ്ട് രൂപയ്ക്കും അരി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചുനിറുത്താനുള്ള നടപടികളുമായി മുന്നോട്ടുപോകുന്ന സർക്കാരാണിത്. പൊതുവിപണിയിലേ തിനേക്കാൾ വിലകുറച്ച് മാവേലി സ്റ്റോറുകളിലൂടെ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. ശരിയായ പരിശോധന നടത്തി ബി.പി.എൽ. പട്ടിക തയ്യാറാക്കാൻ നടപടി സ്വീകരിക്കണം. റേഷൻ കാർഡിൽ പേര് ചേർക്കുന്നതിന് എം.എൽ.എ.-മാരുടെ സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധന ലഘൂകരിക്കണം. പൊതുവിതരണ സമ്പ്രദായം ശക്തമാക്കുന്നതോടൊപ്പം ക്വാളിറ്റി ചെക്കിംഗ് കർശനമാക്കാനും നടപടി സ്വീകരിക്കണം. എഫ്.സി.ഐ. ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ

ശാസ്ത്രീയമായ രീതിയിൽ സൂക്ഷിക്കാനുള്ള സംവിധാനമുണ്ടാക്കണം. റേഷൻകടയുടമകളുടെ പ്രശ്നങ്ങൾ പരിഹരിക്കണം. ഭക്ഷ്യവസ്തുക്കളിലെ മായംചേർക്കൽ പരിശോധിക്കുന്നതിന് വടക്കൻ കേരളത്തിൽ കോഴിക്കോട് ആസ്ഥാനമായി ഒരു പരിശോധനാകേന്ദ്രം സ്ഥാപിക്കുന്നതിനും ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ജില്ലാതലത്തിൽ ലബോറട്ടറി സൗകര്യമുണ്ടാക്കാനും നടപടി സ്വീകരിക്കണം. പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്താനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താനും നടപടിയുണ്ടാകണം. നെല്ലിന്റെ താങ്ങുവില യഥാസമയം കർഷകർക്ക് ലഭ്യമാക്കണം. മണ്ണെണ്ണയുടെ വിഹിതം വർദ്ധിപ്പിക്കാൻ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. എൽ.പി.ജി. ഉപഭോക്താക്കളുടെ പരാതികൾ യഥാസമയം പരിഹരിക്കാൻ നടപടിയുണ്ടാകണം. പാലിൽ മായം ചേർക്കുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും രാരോത്ത് വില്ലേജിൽ ഹൈടെക്ക് ഡയറിഫാം ആരംഭിക്കുന്നതിനും നടപടിയുണ്ടാകണം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഭക്ഷ്യസുരക്ഷാ ബിൽ ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാകണം. കുട്ടികൾക്ക് ഉച്ചക്കഞ്ഞി നൽകുന്ന പദ്ധതിക്ക് ഭക്ഷ്യവസ്തുക്കൾ മുടക്കം കൂടാതെ ലഭ്യമാക്കണം. പൊതുവിതരണ മേഖലയെ സ്വകാര്യവൽക്കരിക്കുന്ന നടപടിയിൽനിന്നും പിന്തിരിയാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം. പാലിന്റെയും മുട്ടയുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയണം. കാർഷിക സർവ്വകലാശാല കൃഷിക്കാർക്ക് പ്രയോജനകരമാകുന്ന വിധത്തിലുള്ള ഗവേഷണങ്ങൾ നടത്തണം. വെറ്ററിനറി സർവ്വകലാശാലയിൽനിന്ന് കന്നുകാലികൾക്ക് കൊടുക്കുന്ന നിലവാരമില്ലാത്ത മരുന്നുകളുടെ വിതരണം

തടയാനും പാലിലെ മായം ചേർക്കൽ നിയന്ത്രിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. ബെന്നി ബെഹനാൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തി നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഡീസൽ, പെട്രോൾ വില വർദ്ധിച്ചപ്പോഴുണ്ടായ അധിക നികുതി വേണ്ടെന്നുവച്ച സംസ്ഥാന സർക്കാരിന്റെ നടപടി സ്വാഗതാർഹമാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന് 100 ദിവസത്തിനുള്ളിൽ ബി.പി.എൽ. വിഭാഗത്തിന് ഒരു രൂപ നിരക്കിൽ 25 കിലോഗ്രാം അരി റേഷൻ കടകളിലൂടെ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. 24 മണിക്കൂറിനുള്ളിൽ റേഷൻ കാർഡ് നൽകാൻ നടപടി സ്വീകരിച്ചതിലൂടെ 5 ലക്ഷത്തോളം പേർക്ക് അതിന്റെ പ്രയോജനം ലഭിച്ചു. ഭക്ഷ്യധാന്യം ശേഖരിക്കുന്നതിന് നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. റേഷനരിയുടെ സബ്സിഡി വർദ്ധിപ്പിക്കാൻ കഴിഞ്ഞു വെന്നത് അഭിനന്ദനാർഹമാണ്. മൂന്നാറിലെ അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റിന് കീഴിലുള്ള സ്ഥലം ഉപയോഗപ്പെടുത്തി ക്ഷീരോൽപ്പാദന രംഗത്ത് കാതലായ മാറ്റംവരുത്താൻ നടപടി സ്വീകരിക്കണം. ചെറുകിട ഹൈടെക് ഫാമുക ളുണ്ടാക്കി ഗുണനിലവാരമുള്ള പാൽ ഉൽപ്പാദിപ്പിക്കാൻ കഴിയണം. ഗ്രാമവികസന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം താറുമാറാവുകയും വിലക്കയറ്റം രൂക്ഷമാവുകയും ചെയ്തിരിക്കുന്നു. ജനദ്രോഹ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചുവരുന്നത്. സ്വാതന്ത്ര്യം

ലഭിച്ച് 65 വർഷം കഴിഞ്ഞിട്ടും കൃഷിക്കാരന് കൃഷിഭൂമി ലഭ്യമാക്കാനോ ഭക്ഷ്യക്ഷാമം പരിഹരിക്കാനോ കേന്ദ്ര സർക്കാരിന് കഴിഞ്ഞിട്ടില്ല. കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ വികസന പ്രവർത്തനങ്ങളും സുരക്ഷാ പദ്ധതികളും കേരളത്തിന്റെ സ്ഥിതി മെച്ചപ്പെടുത്തിയിട്ടുണ്ട്. ഭക്ഷ്യപ്രശ്നം പരിഹരിക്കാൻ കേന്ദ്ര ഗവൺമെന്റിന് കഴിയുന്നില്ല. കുട്ടികളുടെ ഉച്ചഭക്ഷണ പരിപാടി അട്ടിമറിക്കാനുള്ള ഈ ഗവണ്മെന്റിന്റെ ശ്രമം അഴിമതി നടത്താനുള്ള സാഹചര്യം ഒരുക്കുന്നതാണെന്ന് മനസ്സിലാക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : ബി.പി.എൽ. കുടുംബങ്ങൾക്ക് ഒരു രൂപ നിരക്കിൽ 25 കിലോ അരി നൽകുന്ന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ ഭക്ഷ്യ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. 2012–13 വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് 260 കോടി രൂപ സബ്സിഡി ഇനത്തിൽ വേണ്ടിവരുമെന്നാണ് കരുതുന്നത്. അപേക്ഷിക്കുന്ന അന്നുതന്നെ റേഷൻ കാർഡ് നൽകാനും കെട്ടിക്കിടന്ന ആറ് ലക്ഷത്തോളം അപേക്ഷ കളിന്മേൽ കാർഡ് വിതരണം ചെയ്യാനും കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് കഴിഞ്ഞു. അനർഹർ കൈവശം വച്ചിരുന്ന 35078 ബി.പി.എൽ. കാർഡുകൾ എ.പി.എൽ. ആക്കാൻ സാധിച്ചു. അനർഹമായി ബി.പി.എൽ. കാർഡുകൾ കൈവശം വച്ചിട്ടുള്ളവർക്ക് സറണ്ടർ ചെയ്യാൻ ഒരവസരംകൂടി നൽകു ന്നതാണ്. വിവിധ ഏജൻസികൾ വഴി 30 ശതമാനം വിലക്കുറവിൽ പച്ചക്കറികൾ വിപണിയിൽ എത്തിക്കാനും വിലക്കയറ്റം നിയന്ത്രിക്കാനും സാധിച്ചു.. ഈ സംവിധാനം ഓണക്കാലംവരെ തുടരുന്നതാണ്. 50 ദിവസം

നീണ്ടുനിൽക്കുന്ന ഓണച്ചന്തകൾക്ക് തുടക്കം കുറിക്കുന്നതോടൊപ്പം സഞ്ചരിക്കുന്ന ഓണച്ചന്തകൾക്കും സപ്ലൈകോ രൂപം നൽകുന്നതാണ്. ഹോട്ടലുകളിൽ ഭക്ഷ്യസാധനങ്ങളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനുള്ള നിയമനിർമ്മാണം പരിഗണനയിലാണ്. വീട്ടുമുറ്റത്ത് പച്ചക്കറി, ടെറസ്സിലെ പച്ചക്കറി വ്യാപനം തുടങ്ങിയ പദ്ധതികൾക്ക് തുടക്കം കുറിക്കാനും അരിയുടേയും ഗോതമ്പിന്റേയും വിഹിതം വർദ്ധിപ്പിക്കാനും സാധിച്ചു. 14 ജില്ലകളിലും നെല്ല് സംഭരണം നടത്താനും ഉല്പാദനം 7 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കാനും കഴിഞ്ഞു. കുത്തരി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതാണ്. കുടുംബശ്രീ പോലുള്ള വനിതാ സ്വാശ്രയ സംഘങ്ങൾ സന്നദ്ധമായാൽ ഗോതമ്പ് പൊടിച്ചുനൽകാൻ അവരെ ഏൽപ്പിക്കുന്നതാണ്. മണ്ണെണ്ണ സബ്സിഡി ബാങ്ക് വഴി ലഭ്യമാക്കുന്ന പദ്ധതിക്ക് നെയ്യാറ്റിൻകര, കൊച്ചി താലൂക്കുകളിൽ തുടക്കം കുറിക്കുന്നതാണ്. എഫ്.സി.ഐ. ഗോഡൗണുകളിൽ അരി കെട്ടിക്കിടന്ന് ചീത്തയാകുന്ന സാഹചര്യം ഉണ്ടായിട്ടില്ല. വിതരണത്തിനായി ലഭിക്കുന്ന റേഷനരി മോശമാണെന്ന് വരുത്തിത്തീർക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളെ നിരുൽസാഹപ്പെടുത്തണം. കൊച്ചിയിലും കോഴിക്കോടും 50000 ടൺ സ്റ്റോറിംഗ് കപ്പാസിറ്റിയുള്ള രണ്ട് സൈലോസുകൾ അനുവദിച്ചുകിട്ടിയിട്ടുണ്ട്. എഫ്.സി.ഐ. അധികാരികൾ ഗോഡൗണുകളിൽ ഇൻസ്പെക്ഷൻ നടത്തുകയും ട്രാൻസിറ്റ് സമയത്തുണ്ടാകുന്ന എഞ്ചിനീയറിംഗ് ഡിഫക്ട് റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ ഇന്ത്യൻ ഗ്രെയിൻ സ്റ്റോറേജ് മാനേജ്മെന്റ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ റേഷനിംഗ് ഇൻസ്പെക്ടർമാർക്കും

ടി.എസ്.ഒ.-മാർക്കും പരിശീലനം നൽകുന്നതാണ്. ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതും എല്ലാ താലൂക്കുകളിലും ലബോറട്ടറികൾ തുടങ്ങുന്നതിനെക്കുറിച്ച് പരിശോധിച്ചുവരികയുമാണ്. ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയവർ ടെണ്ടർ നടപടിയിൽ കടന്നുകൂടാൻ ശ്രമിക്കുന്നതിനെക്കുറിച്ചും കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ മോശപ്പെട്ട അരി വിതരണം ചെയ്തത് സംബന്ധിച്ചും അന്വേഷിക്കുന്നതാണ്. സംഭരിച്ച നെല്ലിനുള്ള കുടിശ്ശികത്തുക സമയബന്ധിതമായി കൊടുത്തുതീർക്കും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : പന്ത്രണ്ടാം പദ്ധതിയുടെ ആരംഭകാലത്ത് പച്ചക്കറി, പാൽ, കോഴിമുട്ട, കോഴിയിറച്ചി എന്നിവയുടെ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും ക്ഷീരമേഖലയിൽ തൃപ്തികരമായ മാറ്റമുണ്ടാക്കാനും സാധിച്ചിട്ടുണ്ട്. പാൽ വില വർദ്ധനവിന്റെ ആനുകൂല്യം ക്ഷീരകർഷകന് ലഭ്യമാക്കുകയും പാൽ ഉല്പാദനത്തിൽ 30 ശതമാനം വർദ്ധനവ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ക്ഷീര മേഖലയുടെ വികസനത്തിന് പ്രാധാന്യം നൽകാനും തീറ്റപ്പുൽക്കൃഷി വ്യാപിപ്പിക്കാൻ തുക വകയിരുത്താനും കഴിഞ്ഞിട്ടുണ്ട്. മിൽമയുടെ മൂന്ന് മേഖല യൂണിയനുകളും ഫെഡറേഷനും പാലുല്പാദന മേഖലയിൽ മാറ്റമുണ്ടാക്കുന്നതിന് സജീവമായി ശ്രമിച്ചിട്ടുണ്ട്. കൂടുതൽ ഹൈടെക് ഫാമുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ അഴിമതി തടയുന്നതിനായി നടപടി സ്വീകരിക്കുന്നതാണ്. പി.എം.ജി.എസ്.വൈ. പദ്ധതിയിൻകീഴിൽ ആര്യനാട് പഞ്ചായത്തിലെ കാരിയോട്-ഇഞ്ചപുര റോഡ്

പണിയിലെ ക്രമക്കേടുകൾ അന്വേഷിക്കുന്നതിന് സമഗ്ര വിജിലൻസ് എൻക്വയറിക്ക് ശുപാർശ ചെയ്യുന്നതാണ്. പദ്ധതി വിഹിതത്തിന്റെ 45 ശതമാനം പശ്ചാത്തല വികസനത്തിന് ചെലവിടുന്നതാണ്. ഗ്രാമവികസന മേഖലയിൽ എസ്.ജെ.ആർ.വൈ., ഐ.എ.വൈ., പി.എം.ജി.എസ്.വൈ., മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി തുടങ്ങി വിവിധ കേന്ദ്ര പദ്ധതികളിൽ കൂടുതൽ തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉല്പാദന മേഖല യ്ക്കുവേണ്ടിയുള്ള അലോക്കേഷനിൽ യാതൊരു കുറവും വരുത്തിയിട്ടില്ല. കടൽത്തീര സംരക്ഷണം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കു ന്നതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ പി.എം.ജി.എസ്. വൈ. പ്രവൃത്തികളും ടെണ്ടർ എക്സസ്സ് നൽകാതിരുന്നതുമൂലം തടസ്സപ്പെട്ടുകിടന്ന പ്രവൃത്തികളും ഏറ്റെടുക്കുന്നതാണ്. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ഒരു വർഷക്കാലത്തിനുള്ളിൽ ശരാശരി 44.46 തൊഴിൽ ദിനങ്ങൾ നൽകാനും കൂടുതൽ തുക ചെലവഴി ക്കാനും സാധിച്ചു. ഐ.ടി. പ്രൊഫഷണൽ, ഓവർസീയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിവരുടെ ശമ്പളം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. എം.ജി. എൻ.ആർ.ഇ.എസ്. പ്രകാരം രാജീവ്ഗാന്ധി വിശ്രമഭവന നിർമ്മാണം പൂർത്തീകരിക്കുന്നതും അഴിമതി ഇല്ലാതാക്കാൻ നടപടികൾ സ്വീകരിക്കുന്ന തുമാണ്. പ്രാഥമിക ക്ഷീരസംഘങ്ങളുടെ വികസന പദ്ധതിയിൽ ഇടുക്കി ജില്ലയെക്കൂടി ഉൾപ്പെടുത്തും. എം.എൽ.എ. ഫണ്ട് വിനിയോഗത്തിന്റെ ഗൈഡ്ലൈൻസിൽ ആവശ്യമായ മാറ്റം വരുത്തി ക്ഷീരസംഘങ്ങളുടെ കെട്ടി ട നിർമ്മാണത്തിന് വ്യവസ്ഥ ഉൾക്കൊള്ളിക്കുന്നതാണ്. ക്ഷീരവികസന മേഖ ലയിലും ഗ്രാമ വികസന മേഖലയിലും വലിയ മാറ്റങ്ങളുണ്ടാക്കാൻ ഈ

ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേരങ്ങൾ സഭ നിരാകരിച്ചു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയും 59-നെതിരെ 71 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.55-ന് പിരിഞ്ഞു.

* * * * * * * * * * * * * * *